**MOST URGENT / FLOOD RELIEF**

**കേരള സർക്കാർ**

നമ്പർ 389/ഡി.സി.1/2018/ത.സ്വ.ഭ.വ.(ii)

തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്,
തിരുവനന്തപുരം, തീയതി : 20.08.2018.

## സർക്കുലർ

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - ദുരന്തനിവാരണം - മൃഗങ്ങളുടെയും മറ്റ് ജന്തുക്കളുടെയും ശവശരീരങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ - സംബന്ധിച്ച്.

വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ കാണപ്പെടുന്ന മൃഗങ്ങളുടെയും മറ്റ് ജന്തുക്കളുടെയും ശവശരീരങ്ങൾ അടിയന്തരമായും സുരക്ഷിതമായും നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമത്തിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

റ്റി.കെ.ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരള മിഷൻ.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻ / ചെയർപേഴ്സൺ / സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധീകരിക്കുന്നതിന്)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ്
(സംസ്ഥാന സർക്കാരിന്റെ വെബ് സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ പി.എ.
ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ)യുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.
അണ്ടർ സെക്രട്ടറി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

# ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ ഡോ. ആർ. അജയകുമാർ വർമ്മ.)**

**നം. 2813/A/2018/SM** **തീയതി: 20/08/2018**

==========================================================================

വിഷയം : മൃഗങ്ങളുടെയും മറ്റു ജന്തുക്കളുടെയും ശവശരീരങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച്.

സൂചന: ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനം

വെള്ളപ്പൊക്കബാധിതപ്രദേശങ്ങളിൽ നിരവധി മൃഗങ്ങളുടെയും മറ്റു ജന്തുക്കളുടെയും ശവശരീരങ്ങൾ ഉണ്ടാകാം. ഇവ അടിയന്തിരമായും സുരക്ഷിതമായും നിർമ്മാർജ്ജനം ചെയ്യുന്നതിന് താഴെപ്പറയുന്ന നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്.

1. കണ്ടെത്തുന്ന മൃഗങ്ങളുടെ മൃതശരീരങ്ങൾ ഏറ്റവുമടുത്ത് ലഭ്യമായ പ്രദേശത്ത് തന്നെ സുരക്ഷിതമായി സംസ്കരിക്കേണ്ടതാണ്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജെ.സി.ബി ഉപയോഗപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് കണ്ടെത്തുന്ന സ്ഥലത്ത് മൃഗങ്ങളുടെ മൃതശരീരം എത്തിച്ച് താഴെപ്പറയുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.
   a) ഉറപ്പുള്ള മണ്ണാണെങ്കിൽ ജലസ്രോതസിൽ നിന്നും 10 മീറ്റർ മാറി ലഭ്യമായ സ്ഥലത്ത് 5 മുതൽ 6 അടി വരെ താഴ്ചയിൽ കുഴിയെടുത്ത് അതിൽ കരിയില വിതറി അതിനുമുകളിൽ മൃഗങ്ങളുടെ മൃതശരീരങ്ങൾ വച്ച് മണ്ണിട്ട് മൂടുകയും നായ്ക്കൾ മാന്താതിരിക്കാൻ ഇഷ്ടിക അടുക്കി സംരക്ഷിക്കേണ്ടതാണ്. നീറ്റുകക്ക ലഭ്യമാണെങ്കിൽ അത് പൊതിഞ്ഞ് മൃതശരീരം മൂടാവുന്നതാണ്
   b) കുഴിയെടുക്കുവാൻ ബുദ്ധിമുട്ടുള്ള ഇടമാണെങ്കിൽ തൊണ്ട്, കരിയില ഇവ വിതറി മൃതശരീരം വച്ച് തൊണ്ടും ചിരട്ടയും ഉപയോഗിച്ച് ചിതയൊരുക്കി കത്തിച്ച് സംസ്കരിക്കാവുന്നതാണ്.
   c) മൊബൈൽ വാതക ശ്മശാനമോ മൊബൈൽ ഇൻസിനറേറ്ററുകളോ ലഭ്യമാണെങ്കിൽ അവ ഉപയോഗപ്പെടുത്തി കൂടുതൽ ഇന്ധനം ഉപയോഗപ്പെടുത്തി സംസ്കരിക്കേണ്ടതാണ്.
   d) ഈർപ്പമുള്ള മണ്ണാണെങ്കിൽ ജലസ്രോതസിൽ നിന്നും 10 മീറ്റർ മാറി ഇഷ്ടിക ഉപയോഗിച്ചോ മണ്ണ് ഉപയോഗിച്ചോ തറനിരപ്പിൽ നിന്നും 50 സെ.മീ ഉയർന്ന പ്ലാറ്റ്ഫോം നിർമ്മിച്ച് മൃതശരീരം അതിൽ വച്ച് ലഭ്യമാണെങ്കിൽ കരിയില, നീറ്റുകക്ക ഇവയിൽ പൊതിഞ്ഞ് മണ്ണിട്ട് മൂടേണ്ടതാണ്. മൺക്കൂമ്പാരം നായ്ക്കൾ മാന്താതിരിക്കാൻ കല്ലുകൾ വച്ച് സംരക്ഷിക്കേണ്ടതാണ്.
2. കണ്ടെത്തുന്ന മൃഗങ്ങളുടെ മൃതശരീരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് അടുത്തെങ്ങും സുരക്ഷിതമായ സ്ഥലം ലഭ്യമല്ലെങ്കിൽ പൊതുസ്ഥലമോ സർക്കാർ വക വെള്ളക്കെട്ടില്ലാത്ത സ്ഥലമോ കണ്ടെത്തേണ്ടതാണ്. ഇതിനായി മൃഗസംരക്ഷണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും വകുപ്പിന്റെ ഏറ്റവും അടുത്തുള്ള ഓഫീസിൽ ബന്ധപ്പെടേണ്ടതുമാണ്.

മേൽപ്പറഞ്ഞ രീതിയിൽ ഏതെങ്കിലും അവലംബിച്ച് മൃഗങ്ങളുടെ മൃതശരീരങ്ങൾ ഉടനടി സംസ്കരിക്കുന്നതിന് ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്വപ്പെടുത്തിയിട്ടുള്ള നഗരസഭയിലെ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥനും പഞ്ചായത്തിലെ അസി. സെക്രട്ടറിയും നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യമെങ്കിൽ അടിയന്തിരമായി ശുചിത്വമിഷന്റെ സഹായം തേടാവുന്നതാണ്.

**ഡോ. ആർ. അജയകുമാർ വർമ്മ.**
*(എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)*

**സ്വീകർത്താവ്**

എല്ലാ ജില്ലാ കോ - ഓർഡിനേറ്റർമാർക്കും

**പകർപ്പ്** : വൈസ് ചെയർപേഴ്സൺ, ഹരിതകേരളംമിഷൻ
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
റൂറൽ ഡവലപ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം